LIBRARY ARCHIVES Kerala Legislative Assembly

കാലടി സംസ്കൃത സർവ്വകലാശാല നടത്തിവന്ന കോഴ്സുകൾ

82 [1447] ശ്രീ. അടൂർ പ്രകാശ്:
,, ലൂഡി ലൂയിസ്:
,, ഡി. സുഗതൻ:
,, എ. പി. അനിൽകുമാർ:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാല നടത്തിവന്ന എത്ര കോഴ്സുകൾ നിർത്തലാക്കി;

(ബി) എന്തുകൊണ്ടാണ് അവ നിർത്തലാക്കിയതെന്നു വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ ഏതെല്ലാം കോഴ്സുകൾ നടത്തുന്നുണ്ട്;

(ഡി) ഇവയിൽ 5-ൽ താഴെ മാത്രം കുട്ടികളുള്ള എത്ര കോഴ്സുകൾ ഉണ്ടെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഒൻപത് (9).

(ബി) പ്രീഡിഗ്രി കോളേജുകളിൽ നിന്ന് വേർപെടുത്തിയത്, മറ്റു സർവ്വകലാശാലകളുടെ അംഗീകാരം ലഭിക്കത്തക്ക വിധത്തിൽ കോഴ്സുകളുടെ പുനഃക്രമീകരണം ചെയ്തത്, ചില കോഴ്സുകൾക്ക് എൻ. സി. റ്റി. ഇ.-യുടെ തുടർ അംഗീകാരം ലഭിക്കാത്തത്, സി. സി. ഐ. എൻ.-ന്റെ അംഗീകാരം ലഭിക്കാത്തത് എന്നീ കാരണങ്ങളാലാണ് ഈ കോഴ്സുകൾ നിർത്തലാക്കിയത്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്. †

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി. എഡ്. സെന്ററുകൾ

83 [1449] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി. എഡ്. സെന്ററുകൾ അടച്ച് പൂട്ടുന്നതിന് യൂണിവേഴ്സിറ്റി തീരുമാനിച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സെന്ററുകൾ ആണ് നിർത്തുന്നത്; ഇവയിൽ എത്ര വിദ്യാർത്ഥികളാണ് പഠിക്കുന്നത്;

† അനുബന്ധം II

(ബി) ക്ലാസ്സുകൾ നിർത്തിവയ്ക്കാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്ററുകൾക്ക് എൻ. സി. റ്റി. ഇ.-യുടെ അംഗീകാരം ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വിദ്യാർത്ഥികളിൽനിന്നും എത്ര തുകയാണ് ഫീസിനത്തിൽ യൂണിവേഴ്സിറ്റി വാങ്ങിയിട്ടുള്ളത്; ഇങ്ങനെ ലഭിച്ച ഫീസിൽ നിന്നും എത്ര തുക സെന്ററുകളുടെ എന്തെല്ലാം അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ സ്വാശ്രയ ബി. എഡ്. കോളേജ് മാനേജ്മെന്റ് സംഘടന കൊടുത്ത കേസിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണമാണ് എം. ജി. സർവ്വകലാശാലയുടെ ബി. എഡ്. സെന്ററുകളിൽ താൽക്കാലികമായി ക്ലാസ്സുകൾ നിർത്തിവച്ചിരിക്കുന്നത്. പന്ത്രണ്ട് സെന്ററുകളിലായി 2100 വിദ്യാർത്ഥികളാണ് പഠിക്കുന്നത്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണമാണ് താല്ക്കാലികമായി ക്ലാസ്സുകൾ നിർത്തിവച്ചിരിക്കുന്നത്.

(സി) എൻ. സി. റ്റി. ഇ.-യുടെ സ്ഥിരം അംഗീകാരം ഇപ്പോൾ ഇല്ല. മുൻപ് താല്ക്കാലിക അംഗീകാരം ഉണ്ടായിരുന്നു. എല്ലാവർഷവും സെന്ററുകളുടെ പെർഫോമൻസ് അപ്രൈസൽ റിപ്പോർട്ട് എൻ. സി. റ്റി. ഇ.-ക്ക് അയച്ചിരുന്നു. ഇതിൻപ്രകാരമാണ് ക്ലാസ്സുകൾ തുടർന്നിരുന്നത്. എൻ. സി. റ്റി. ഇ.-യുടെ അംഗീകാരം ലഭിക്കുന്നതിന് വേണ്ട സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. സെന്ററുകൾ പരിശോധിച്ച് എൻ. സി. റ്റി. ഇ.-യുടെ നിബന്ധനകൾ പ്രകാരമുള്ള പര്യാപ്തത വിലയിരുത്തുന്നതിനായി സിൻഡിക്കേറ്റ് അംഗങ്ങൾ കൺവീനർമാരായി രണ്ട് കമ്മിറ്റികൾ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി നിലവിലുള്ള ബി. എഡ്. സെന്ററുകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഇതിൻപ്രകാരം 19-1-2004-ലെ സിൻഡിക്കേറ്റ് മീറ്റിംഗ് തീരുമാനമനുസരിച്ച് സെന്ററുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 55 ലക്ഷം രൂപ ആദ്യഗഡുവായി അനുവദിച്ചിട്ടുണ്ട്. എൻ. സി. റ്റി. ഇ. നോംസ് അനുസരിച്ച് ആവശ്യമായ അദ്ധ്യാപക നിയമനത്തിനുള്ള നടപടികളും എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2003-2004 അദ്ധ്യയന വർഷം 3 കോടി 80 ലക്ഷം രൂപ ഫീസിനത്തിൽ ലഭിച്ചിട്ടുണ്ട്. (40 ലക്ഷം രൂപ പട്ടികജാതി വെൽഫയർ ഡിപ്പാർട്ട്മെന്റിൽ നിന്നും പിന്നീട് ലഭിക്കേണ്ടതാണ്). ഈ സാമ്പത്തിക വർഷം അടിസ്ഥാന സൗകര്യ വികസനത്തിനായി 19-1-2004-ൽ കൂടിയ സിൻഡിക്കേറ്റ് മീറ്റിംഗിലെ തീരുമാനം അനുസരിച്ച് 55 ലക്ഷം രൂപ ആദ്യ ഗഡുവായി ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻ. സി. റ്റി. ഇ. നിബന്ധനപ്രകാരം ആവശ്യമുള്ള അദ്ധ്യാപകരുടെ നിയമനത്തിന് അടിയന്തിര നടപടികൾ സർവ്വകലാശാല എടുത്തിട്ടുണ്ട്.

പ്രൊഫഷണൽ, ആർട്ട്സ്, സയൻസ് കോളേജുകളിലെ ഫീസ് ഘടന

84 [1452] ഡോക്ടർ തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ, ആർട്ട്സ്, സയൻസ് കോളേജുകളിലെ നിലവിലുള്ള ഫീസ് ഘടനയുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ഫീസുകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് എന്ത് തുക വീതം വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചു;

(ഡി) ഫീസ് വർദ്ധിപ്പിക്കുന്നതിന് മുൻപ് അദ്ധ്യാപക വിദ്യാർത്ഥി സംഘടനകളുമായി വിശദമായ ചർച്ചയ്ക്ക് സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്. †

(ബി & സി) നികുതിയേതര വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെ ഭാഗമായി ഫീസുകൾ വർദ്ധിപ്പിക്കേണ്ടിവരാം.

(സി) ഇക്കാര്യം അപ്പോൾ ആലോചിക്കാവുന്നതാണ്.

എറണാകുളം മഹാരാജാസ് കോളേജ് എം. സി. ആർ. വി. ഹോസ്റ്റലുകളിലെ ക്രമക്കേടുകൾ

85 [1454] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് എം. സി. ആർ. വി. ഹോസ്റ്റലുകളിൽ താമസിക്കുന്ന ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും പേരുവിവരവും മേൽവിലാസവും പഠിക്കുന്ന ക്ലാസുകളും പട്ടികജാതി/പട്ടിക വർഗ്ഗം, മറ്റുള്ളവർ എന്നിവ സംബന്ധിച്ച വിശദവിവരവും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly